സർവ്വകലാശാലകൾക്ക് നൽകുന്ന ഗ്രാന്റ്

6 (*546) ശ്രീ. കെ. ബാബു :
ശ്രീ.കെ. സി. ജോസഫ് :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി. സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾക്ക് പ്രത്യേക ഗ്രാന്റായി ഈ വർഷം എത്ര കോടി രൂപ അധികമായി നൽകാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(ബി) ഇത്തരത്തിൽ ഗ്രാന്റ് അനുവദിക്കുമ്പോൾ സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയായിരിക്കണമെന്നാണ് ഇതിനായി പഠന റിപ്പോർട്ട് നൽകിയ രവീന്ദ്രൻ നായർ കമ്മിറ്റി നിർദ്ദേശിച്ചിരിക്കുന്നത് ;

(ഡി) സുതാര്യമായ ഫോർമുലയുടെ അടിസ്ഥാനത്തിൽ പ്രത്യേക ഗ്രാന്റുകൾ സർവ്വകലാശാലകൾക്ക് നൽകുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് 2010-11 സാമ്പത്തികവർഷം 50 കോടി രൂപ പ്രത്യേക ഗ്രാന്റായി അനുവദിക്കാൻ ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) സർവ്വകലാശാലകൾ അവരുടെ ശമ്പളച്ചെലവിന്റെ 10 ശതമാനം പെൻഷൻ ഫണ്ട് പദ്ധതിക്കായി ട്രഷറിയിൽ നിക്ഷേപിക്കണം; ക്ഷേമനിധിയിലേക്ക് നിക്ഷേപം നടത്താത്ത സർവ്വകലാശാലകൾ 2010-11 സാമ്പത്തിക വർഷം മുതൽ നിക്ഷേപം തുടങ്ങണം; എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക നിയമനം, സ്ഥലംമാറ്റം തുടങ്ങിയ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ചെയ്യുന്ന കാര്യങ്ങൾ സർവ്വകലാശാലകളിൽ ആവർത്തിക്കുന്നത് ഒഴിവാക്കണം; പദ്ധതി, പദ്ധതി ഇതര ധനസഹായം സ്വാശ്രയ സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം എന്നിവയ്ക്ക് വെവ്വേറെ അക്കൗണ്ട് തുടങ്ങണം; ഫീസുകൾ വർദ്ധിപ്പിക്കണം; സർവ്വകലാശാലകൾക്കുള്ള ധനസഹായം അവയുടെ പ്രവർത്തനത്തിന് അനുസരിച്ചായിരിക്കണം; അന്തർസർവ്വകലാശാലാ കേന്ദ്രങ്ങൾക്ക് സ്വയം ഫണ്ട് ശേഖരിക്കത്തക്ക വിധത്തിൽ സ്വയംഭരണം നൽകണം; സർവ്വകലാശാലകൾക്ക് പദ്ധതി ഇതര ധനസഹായം നൽകുന്നതിന് ഒരു ഫോർമുല രൂപീകരിക്കണം, പദ്ധതി അടങ്കലിന്റെ 5 % സർവ്വകലാശാല വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കണം തുടങ്ങിയ നിർദ്ദേശങ്ങളാണ് രവീന്ദ്രൻ നായർ കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളത്.

(സി) സുതാര്യമായ ഫോർമുല ഉൾപ്പെടെയുള്ള രവീന്ദ്രൻ നായർ കമ്മിറ്റിയുടെ ശുപാർശകൾ നടപ്പാക്കുന്നത് നിരീക്ഷിക്കാനായി കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസലർ അദ്ധ്യക്ഷനായി ഒരു സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly